# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കങ്ങഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെടിഎം.പി.5/153/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 03/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കങ്ങഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെടിഎം.പി.5/153/2023 തീയ്യതി: 03/03/2023

## കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-01-2022 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലേഖ.വി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുധാ ജേക്കബ് , ഓഡിറ്റ് ഓഫീസർ
ശ്രീ രഞ്ജിത് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ എമിൽ റ്റി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റംല ബീഗം കെ. എസ്. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ഗ്രീസ പി. എ. | സെക്രട്ടറി | 01-04-2021 | 06-07-2021 |
| ശ്രീ.രാജു ഇ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-07-2021 | 11-07-2021 |
| ശ്രീ മുഹമ്മദ് റഖീബ് റ്റി എസ് | സെക്രട്ടറി | 12-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. വെങ്കിട്ടസ്വാമി ഇ. | മെഡിക്കൽ ഓഫീസർ (സി.എച്ച് .സി.) | 01-04-2021 | 31-03-2022 |
| ഡോ. സൗമ്യ റ്റി. എ. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ മനോജ് റ്റി. എസ്. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പത്തനാട്) | 01-04-2021 | 31-03-2022 |
| ശ്രീ മനോജ് റ്റി. എസ്. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കാനം) | 01-04-2021 | 31-03-2022 |
| ശ്രീമതി ചിന്ദു റ്റി. കുട്ടപ്പൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ പ്രതീഷ് കുമാർ പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി മറീന എബ്രഹാം | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ശിൽപ വർക്കി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ശ്രീനി ജി. | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 01-04-2021 | 31-03-2022 |
| ശ്രീമതി. നിമ്മി ജേക്കബ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 08-07-2021 |
| ശ്രീ. തോമസ് വി കുരുവിള | അസിസ്റ്റന്റ് സെക്രട്ടറി | 15-07-2021 | 31-03-2022 |
| ഡോ. ആതിര ജോർജ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.കണ്ണൻ പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

അസിസ്റ്റന്റ് സെക്രട്ടറി തസ്തിക 09.07.2021 മുതൽ 14.07.2021 വരെ ഒഴിവ്

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാര്‍ഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികള്‍ | 1-7 |
| 8 | ക്യാഷ്ബാലന്‍സ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണസംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-10 |
| 11 | സ്വകാര്യ സാശ്രയ കോളേജ് കെട്ടിടത്തിന്റെ നിര്‍മ്മാണം പൂര്‍ത്തിയാക്കി ഉപയോഗിക്കുന്ന ഭാഗങ്ങള്‍ മുഴുവനായും വസ്തുനികുതി ചുമത്തിയിട്ടില്ല. | 1-11 |
| 12 | പെട്രോള്‍ പമ്പിന്റെ കനോപ്പി ഭാഗത്തെ വിസ്തീര്‍ണ്ണത്തില്‍ ഉള്‍പ്പെടുത്തിയിട്ടില്ല- നികുതി നിര്‍ണ്ണയിച്ചിട്ടില്ല. | 1-12 |
| 13 | മരാമത്ത് പ്രവൃത്തികള്‍ ഏറ്റെടുത്ത് നടത്തിയ കരാറുകാരില്‍ നിന്നും തൊഴില്‍ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 14 | വ്യവസായങ്ങള്‍ക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവര്‍ത്തനങ്ങള്‍ക്കും ലൈസന്‍സ് - അപാകതകള്‍ | 1-14 |
| 15 | വാടക- അപാകതകള്‍ | 1-15 |
| 16 | ഇ-ടെണ്ടര്‍ ഫീസ് പൂര്‍ണ്ണമായും ലഭിച്ചിട്ടില്ല | 1-16 |
| 17 | ആയുര്‍വേദാശുപത്രിക്ക് മരുന്ന് വാങ്ങല്‍ - 4116/- രൂപയുടെ മരുന്ന് ലഭ്യമായില്ല | 1-17 |
| 18 | ലാപ്ടോപ് , പ്രിന്റര്‍ വാങ്ങല്‍ പദ്ധതി - ഐ.ടി. മിഷന് തുക നല്‍കിയിട്ടും ലാപ്ടോപ് ലഭ്യമായിട്ടില്ല. | 1-18 |
| 19 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 1-19 |
| 20 | ഗവ.എല്‍.പി സ്കൂളില്‍ സ്മാര്‍ട്ട്ക്ലാസ്സ് റൂം സജ്ജീകരണത്തിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂര്‍ത്തീകരിച്ചിട്ടില്ല | 1-20 |
| 21 | എസ്.എസ്.എ പ്രവര്‍ത്തനങ്ങള്‍ക്കായി വിഹിതം നല്‍കിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-21 |
| 22 | പകല്‍വീട് പ്രവര്‍ത്തനക്ഷമമല്ല | 1-22 |

| | | |
|---|---|---|
| 23 | തുക അടച്ചുവെങ്കിലും കമ്പ്യൂട്ടർ ലഭ്യമായില്ല- | 1-23 |
| 24 | കമ്പ്യൂട്ടർ വാങ്ങൽ - യുപിഎസ് ഇല്ലാത്തതിനാൽ പ്രവർത്തനക്ഷമമാക്കിയില്ല | 1-24 |
| 25 | അഗതിരഹിതകേരളം പദ്ധതി - തുക പൂർണമായി ചെലവഴിച്ചില്ല | 1-25 |
| 26 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി | 1-26 |
| 27 | തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്ക് അനുവദിക്കുന്നു | 1-27 |
| 28 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിയില്ല | 1-28 |
| 29 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല | 1-29 |
| 30 | നിക്ഷേപ പ്രവൃത്തികൾ- വിനിയോഗവിവരം ലഭ്യമായിട്ടില്ല- | 1-30 |
| 31 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത്- വിനിയോഗസാക്ഷ്യപത്രമില്ല | 1-31 |
| 32 | ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാൻ ശേഷിയ്ക്കുന്നു. | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

2021-22 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 22/02/2021 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 21/03/2022 ലെ 7/1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 4666919 | 20630101 |
| വരവ് | 152289000 | 59092839 |
| ആകെ | 156955919 | 79722940 |
| ചെലവ് | 153708000 | 64888106 |
| നീക്കിയിരിപ്പ് | 3247919 | 14834834 |

ബജറ്റ് പ്രകാരം 15.69 കോടി രൂപയുടെ പ്രതീക്ഷിത വരവും 15.37 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 13.70 കോടി രൂപയും ചെലവ് 12.92 കോടി രൂപയുമാണ്. മുൻ വർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും ബജറ്റ് പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ടായത്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയതും വലിയ അന്തരത്തിലാണെന്ന് കാണുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 137090297 രൂപയും ചെലവ് 129204603 രൂപയും തൻവർഷ പ്രവർത്തന മിച്ചം 7885694 രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 65658646/- രൂപയും ബാധ്യതകളുടെ മൂല്യം 30747815/- രൂപയും ജനറൽ ഫണ്ട് 34910831/- രൂപയുമാണ്. 2021-22 ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1) 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

3)ലേലവുമായി ബന്ധപ്പെട്ട ഡി.സി.ബി പത്രിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല .

4) നിക്ഷേപ പ്രവൃത്തികൾക്ക് കേരള വാട്ടർ അതോറിറ്റിയിൽ തൻവർഷം 3826415 രൂപ (144/22-1726500 രൂപ, 145/22 – 2099915 രൂപ) നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ 2107500 രൂപയുടെ നിക്ഷേപം നടത്തിയതായാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20630101 |
| ഓഡിറ്റ് വർഷത്തെ വരവ് | 59092839 |
| ആകെ | 79722940 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 64888106 |
| നീക്കിയിരിപ്പ് | 14834834 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5563123 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12501167 | 12501167 | 12364000 | 137167 | 99 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3410401 | 3410401 | 3215000 | 195401 | 94 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1826 | 1826 | 0 | 1826 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11141008 | 11141008 | 6555468 | 4585540 | 59 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5456240 | 5456240 | 3602812 | 1853428 | 66 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 2733824 | 2733824 | 1772968 | 960856 | 65 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 0 | 7652829 | 7652829 | 5524158 | 2128671 | 72 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 7821 | 17809327 | 17817148 | 17812193 | 4955 | |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 274519 | 451692 | 726211 | 611117 | 115094 | |
| ശുചിത്വമിഷൻ ഗ്രാന്റ് | 1679687 | 149900 | 1829587 | 1221907 | 607680 | |

1.വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസനഫണ്ട് പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1682466/-രൂപ, 161334/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല.

2.സംരക്ഷണഗ്രാന്റ് റോഡ് ഇനത്തിൽ വിവിധ അലോട്ട്മെന്റുകളിലായി 11141008 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിച്ചത് (വാലിഡേറ്റ് ചെയ്ത് ലഭിച്ചത്) 6713000 രൂപ മാത്രമാണ്.

വികസന ഫണ്ട്, കേന്ദ്ര-സംസ്ഥാന വിഹിതം എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് (ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ, വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

2021-22 വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 25.03.2022ലെ 81898/21/ഡി.പി.സി/ഡി.പി.ഒ/കോട്ടയം ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു. 2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി രൂപീകരണഗ്രാമസഭ | 6.2.21 മുതൽ11.2.21വരെ |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 14.1.22മുതൽ23.1.22വരെ |
| പ്രൊക്യൂർമെന്റ് കമ്മിറ്റിയോഗം | 22.6.21,9.08.21,8.9.21,6.10.21,13.12.21 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 30.1.21 |
| വികസനസെമിനാർ | 19.2.21 |
| ഊരുകൂട്ട യോഗം | 1.2.21 |

2021-22 വാർഷിക പദ്ധതിയുടെ അടങ്കൽ 99343311/-രൂപയും, ആകെ ചെലവ് 5,25,55,327/-രൂപയുമാണ്. പദ്ധതി അടങ്കലായി വകയിരുത്തിയ തുകയുടെ 52.9% ചെലവഴിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 7 | 2380153 | 1081718 | 45.44 |
| വെറ്ററിനറി സർജൻ | 9 | 8 | 3765000 | 3226920 | 85.7 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 3 | 548254 | 502664 | 91.68 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 500000 | 500000 | 100 |
| വി.ഇ.ഒ1 | 8 | 8 | 15567588 | 4554375 | 29.25 |
| വി.ഇ.ഒ2 | 6 | 6 | 6242109 | 3330000 | 53.34 |
| സെക്രട്ടറി | 46 | 32 | 15290075 | 9979541 | 65.26 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 11 | 6344929 | 4439428 | 69.9 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 62 | 52 | 43100263 | 21501509 | 49.88 |
| ഹെഡ്മാസ്റ്റർ | 3 | 3 | 500000 | 449173 | 89.8 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 3500000 | 1700000 | 48.57 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 384000 | 69059 | 17.98 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 1220940 | 1220940 | 100 |
| ആകെ | 169 | | 99343311 | 52555327 | 52.9 |

കൃഷി ഓഫീസർ, വി.ഇ.ഒ 1, അസിസ്റ്റന്റ് എഞ്ചിനീയർ, ഡയറി ഫാം ഇൻസ്പെക്ടർ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ എന്നീ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവ് ശതമാനം 50%ത്തിൽ താഴെയാണ്. നിർവ്വഹണഉദ്യോഗസ്ഥർ നിർവ്വഹണത്തിന് ഏൽപ്പിക്കുന്ന പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസനഫണ്ട് (ജനറൽ), എസ്.സി.പി, ടി.എസ്.പി വിഭാഗങ്ങളിൽ ഗ്രാമപഞ്ചായത്ത് 100% തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും 31.3.22ൽ ലഭിച്ച അലോട്ട്മെന്റ്തുകകൾ യഥാക്രമം 137167, 195401, 1826 ചെലവഴിക്കാൻ സാധിക്കാതെ വന്നതിനാൽ ചെലവ് ശതമാനത്തിൽ കുറവ് വന്നിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് (റോഡ്), നോൺ റോഡ് വിഭാഗത്തിൽ യഥാക്രമം 59%, 66% മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. എന്നാൽ മെയിന്റനൻസ് ഗ്രാന്റ്(റോഡ്) വിഭാഗത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച അലോക്കേഷൻ 6713000/- രൂപയാണ്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ച അലോക്കേഷൻ 11141008/-രൂപയായിരുന്നു.

വിനിയോഗലക്ഷ്യം കൈവരിച്ചില്ല -1853428 ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

അംഗീകാരം കിട്ടിയ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും നടപ്പാക്കിയവയുടെ കാര്യത്തിൽ സമയക്ലിപ്തത പാലിക്കാതിരുന്നതിനാൽ റോഡിതര മെയിന്റനൻസ് ഗ്രാന്റ് 1853428/- രൂപയുടെ പദ്ധതിത്തുക ചെലവഴിക്കാനാകാതെ സ്ഥാപനത്തിന് നഷ്ടമാവുകയാണുണ്ടായത്.

1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 165 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 298

പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 198 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 79 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 43378 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 614 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം , പടുതാകുളം നിർമ്മാണം, കിണർ റീചാർജിങ്ങ് തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. വാർഷിക കണക്ക് പ്രകാരമുള്ള 2021-22 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | 7821 | |
| വരവ് | ഇ എഫ് എം എസ് വരവ് | 17293895 | 17809327 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ ) | 515432 | |
| ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | | | 17817148 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 12768951 | 17812193 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 1152575 | |
| | ഉപകരണങ്ങളുടെ വില, വാടക | 3372369 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 518298 | |
| നീക്കിയിരിപ്പ് | | 4955 | |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16680 | 7 |
| വാർദ്ധക്യകാല പെൻഷൻ | 33750800 | 1900 |
| കർഷക തൊഴിലാളി പെൻഷൻ | 3461500 | 173 |
| വിധവ പെൻഷൻ | 12603400 | 697 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 543800 | 30 |
| വികലാംഗ പെൻഷൻ | 3524800 | 209 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 16/01/2023-ന് 03.20 PM സമയത്ത് ഓഫീസ് മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 3297

/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമാന്യം തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വിവിധ നികുതിവരവുകളുടെ ഡിസിബി കണക്കാക്കി സൂക്ഷിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഫർണിച്ചർ/ഇലക്ട്രോണിക്സ് ഉപകരണങ്ങൾ/തെരുവുവിളക്കുകൾ എന്നിവ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/07/2022 | 07/2021 മുതൽ 03/2022 വരെ | A.1/100 Dated 25.05.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21/10/2017 – 30/10/2017 | 2012-13 മുതൽ 2016-17 വരെ | LBA(HQ)-II/8A-2704/17-18/275 തീയതി 08/12/2017 |

1-11 സ്വകാര്യ സാശ്രയ കോളേജ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി ഉപയോഗിക്കുന്ന ഭാഗങ്ങൾ മുഴുവനായും വസ്തുനികുതി ചുമത്തിയിട്ടില്ല.

AICTE, New Delhi-യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള Gregorian Institute Of Technology എന്ന സ്വകാര്യ സാശ്രയ കോളേജ് കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ രണ്ടാം വാർഡിൽ പ്രവർത്തിക്കുന്നു. സ്ഥാപനത്തിന്റെ മുഖ്യ കെട്ടിടം, പഞ്ചായത്തിന്റെ വസ്തുനികുതി ഡേറ്റാബേസിൽ ഉൾപ്പെടുന്നുണ്ട് (3 B എന്ന നമ്പറിൽ). ഇതിൽ കോളേജ് കെട്ടിടമായ സെല്ലാർ ( 656.15 ച. മീ ), താഴത്തെ നില ( 1124 ച. മീ), ഒന്നാം നില (1402 ച. മീ) എന്നിവ മാത്രമാണുള്ളത്. എന്നാൽ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ( Http://www.gitgroup.ac.in/ ) ചിത്രങ്ങളിൽ ( ചിത്രം-1) കോളേജ് കെട്ടിടത്തിന് മറ്റ് രണ്ട് നിലകൾ കൂടിയുണ്ട്. ഓഡിറ്റ് നടത്തിയ പ്രാദേശിക അന്വേഷണത്തിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ലാത്ത കെട്ടിടത്തിലും ക്ലാസുകൾ നടക്കുന്നു എന്ന് അറിയാൻ കഴിഞ്ഞു .






ചിത്രം-1

മേൽ സൂചിപ്പിച്ച കോളേജിന്റെ രണ്ട്, മൂന്ന് നിലകൾക്കും വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (06/19-01-2023) രണ്ട്, മൂന്ന് നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലയെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് നമ്പർ നൽകി നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി നൽകി .

Gregorian Institute Of Technology എന്ന സ്ഥാപനം തന്നെ രണ്ട് വർഷങ്ങൾക്ക് മുൻപ് YouTube ൽ അപ്‌ലോഡ് ചെയ്ത നിലവിലും YouTube ൽ ലഭ്യമായ പ്രസ്തുത വീഡിയോയിലും സെല്ലാർ ഉൾപ്പെടെ അഞ്ച് നിലകളുടെ വിവരങ്ങൾ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ക്ലാസുകൾ രണ്ട്, മൂന്ന് നിലകളിൽ നടക്കുന്നതിനാലും ഈ വിഷയത്തിൻമേൽ സെക്രട്ടറി നൽകിയ മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല .



രണ്ട് വർഷം മുൻപുള്ളത് ( ചിത്രം-2 )

മാത്രമല്ല രണ്ട് വർഷം മുൻപ് ഉള്ള വീഡിയോയിൽ (ചിത്രം 2) മറ്റൊരു നാലുനില കെട്ടിടം

കൂടി കോളേജിന് മുൻപിൽ നിർമ്മാണം പൂർത്തിയാക്കി വരുന്നതായി കാണുന്നു. രണ്ടാം വാർഡിൽ സഞ്ചയ ഡേറ്റാബേസിൽ പ്രകാരം “വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ്” എന്ന ഗണത്തിൽ വരുന്ന -161.85 ച. മീ ഉള്ള കെട്ടിടം മാത്രമാണ് കോളേജിന്റെ ഉടമസ്ഥതയിൽ ഉള്ളത്. രണ്ടാം വാർഡിൽ സഞ്ചയ ഡേറ്റാബേസിൽ പ്രകാരം ഹോസ്റ്റൽ കെട്ടിടത്തിനോ, വിദ്യാഭ്യാസ ആവശ്യത്തിനുള്ള മറ്റൊരു കെട്ടിടത്തിനോ (3B ഒഴികെ) നിലവിൽ വസ്തു നികുതി അസസ്സ് ചെയ്ത് നൽകിയിട്ടില്ല .ആയതിനാൽ കോളേജിന് മുൻപിലുള്ള നാലുനില കെട്ടിടവും നിലവിൽ കെട്ടിട നമ്പർ ഇല്ലാതെ തന്നെ പ്രവർത്തിക്കാനുള്ള സാധ്യതയാണ് കാണുന്നത്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ല്യ പ്രകാരം നിയമ വിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടത്തിൻ മേൽ നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു.എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 07.09.2016 തീയതിയിലെ സ.ഉ (സാധാ) നം. 2627/2016/തസ്വഭവ നമ്പർ ഉത്തരവ്, 31.08.2017-ലെ 1725325/ആർ.എ.2/2017/തസ്വഭവ നമ്പർ സർക്കുലർ, 24.07.2010 ലെ 22044/ആർ.എ.1/14/തസ്വഭവ സർക്കുലർ എന്നിവ പ്രകാരം അനധികൃത നിർമ്മാണം തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്നിവ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പരാമർശിച്ച കോളേജിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ പരിശോധന നടത്തി നിയമാനുസൃതമല്ലാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിൻ മേൽ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

1-12 പെട്രോൾ പമ്പിന്റെ കനോപ്പി ഭാഗത്തെ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല- നികുതി നിർണ്ണയിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിലുള്ളത് 2 ഫ്യൂവൽ സ്റ്റേഷനുകളാണ്. ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് പഞ്ചായത്തിന് നിശ്ചയിക്കാവുന്നതാണ്. ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി ചതുരശ്ര മീറ്ററിന് 50 രൂപയായി പഞ്ചായത്ത് സമിതി തീരുമാനമെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി നിർണ്ണയിക്കുന്നത്. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഫ്യൂവൽ സ്റ്റേഷനുകളുടെ ഓഫീസ് റൂം മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി ചുമത്തുന്നില്ലായെന്നും കാണുന്നു. ഫ്യൂവൽ സ്റ്റേഷനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫ്യൂവൽ സ്റ്റേഷനുകളുടെ പേര് | കെട്ടിട നം. | പരിഗണിച്ച തറവിസ്തൃതി | ചുമത്തിയ വസ്തുനികുതി |
|---|---|---|---|
| റോബിൻ പെട്രോളിയം | 3/349 | 30.35 M2 | 540 |
| ചേന്നാട്ട് ഫ്യൂവൽസ് | 7/22 | 28 M2 | 1848 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (09/20-01-2023) ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. ഇടപാടുകൾ നടക്കുന്ന ഭാഗത്തെ വസ്തുനികുതി ചുമത്താതെ പോകുന്നത് ഗ്രാമപഞ്ചായത്തിന് നികുതി ചോർച്ചയുണ്ടാക്കുന്നുണ്ട്. ഫ്യൂവൽ സ്റ്റേഷനുകളിലെ കാനോപ്പി ഏരിയ കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 1-13 മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (Ii) (Iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരു വ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | മുഹമ്മദ് ഹാരിസ് |
| 2 | സജ്ന ഹാരിസ് |
| 3 | ജയമോൻ ജെയിംസ് |
| 4 | ജോസ് സിറിയക് |
| 5 | P.N സുകുമാരൻ നായർ |
| 6 | M A സാബു |
| 7 | ജോസുകുട്ടി ഐസക് |
| 8 | നൗഫൽ മുബാറക്ക് |

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെ വീഴ്ച ഇത് വ്യക്തമാക്കുന്നു. കരാറുകാർ ഈ കാലയളവിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽനികുതി അടവാക്കിയിട്ടില്ലെങ്കിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/21.01.23) തൊഴിൽ നികുതി ഒടുക്ക് വരുത്തുന്നതിന് നോട്ടീസ് നൽകുന്നതാണെന്ന് മറുപടി നൽകി .

നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിവാകാതിരിക്കാൻ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 , 14 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. കരാറുകാർ ഈ കാലയളവിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽനികുതി അടവാക്കിയിട്ടില്ലെങ്കിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-14 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് - അപാകതകൾ

### 1. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സാധ്യത നിലനില്ക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2022 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1204 (60 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ കേവലം 198 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ബാക്കി കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് എന്ന കാര്യം ഇതിൽ നിന്ന് വ്യക്തമാണ്.

പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് കള്ള് ഷാപ്പ് പ്രവർത്തിക്കുന്നു:

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

3.ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.


4. ട്രേഡേഴ്സ് രജിസ്റ്ററിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തില്ല


2021-22 ൽ ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം എല്ലാ വാർഡുകളിലുമായി 301 സ്ഥാപനങ്ങളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലൈസൻസ് നൽകിയിരിക്കുന്നത് 198 സ്ഥാനങ്ങൾക്കാണ്. ആയതിൽ നിന്നും എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞില്ലയെന്ന് ബോധ്യമാകുന്നു.

5. ലൈസൻസ് ഫീസ് - മുൻ വർഷങ്ങളുമായി ഒരു താരതമ്യ പഠനം

2019-20, 2020-21 വർഷങ്ങളിലെ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ 2021-22 വർഷത്തെ ലൈസൻസ് നേടിയ സ്ഥാപനങ്ങൾ, വരുമാനം എന്നിവയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം | ലൈസൻസ് ഇനത്തിൽ ലഭിച്ച ഉക |
|---|---|---|
| 2021-22 | 198 | 124400 |
| 2020-21 | 222 | 160100 |
| 2019-20 | 264 | 165700 |




മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം - 15/23.01.23) കോവിഡുമായി ബന്ധപ്പെട്ട സാഹചര്യങ്ങളാണ് ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ് വരാൻ കാരണം എന്നും എല്ലാ സ്ഥാപനങ്ങളേയും

ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നിലവിൽ നടപടി സ്വീകരിക്കുന്നതാണെന്നും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും മറുപടി നൽകി. പരാമർശത്തിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും ഭരണ സമിതിയുടെയും പ്രത്യേകശ്രദ്ധ ഇതിൽ ഉണ്ടാവേണ്ടതാണ്.

1-15 വാടക- അപാകതകൾ

വാടക സംബന്ധിച്ച രജിസ്റ്റർ, ഫയലുകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുത്തിരിക്കുന്നു.

1. വാടക ബൈലോ പുതുക്കിയിട്ടില്ല.
2. വാർഷിക വാടക വർദ്ധനയ്ക്ക് ആനുപാതികമായി വാടക നിക്ഷേപം വർദ്ധിപ്പിക്കുന്നില്ല.
3. വാടകയ്ക്കൊപ്പം 18% ജിഎസ് ടി ഈടാക്കുന്നില്ല
4. അഞ്ചു വർഷം കൂടുമ്പോൾ പുതുക്കുന്ന ബിഎസ്എൻഎൽ-ന്റെ 31-03-21 ൽ അവസാനിക്കുന്ന കരാർ പുതുക്കിയിട്ടില്ല. 4/21 മുതൽ 6/21 വരെ പഴയ നിരക്കിലുള്ള വാടകയാണ് (14587-) അടവാക്കിയിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിൽ വാടക ഒടുക്കിയിട്ടുമില്ല.
5. ഹുസൈൻ, പ്ലാങ്കൂട്ടത്തിൽ, മുണ്ടത്താനം എന്നയാൾക്ക് നൽകിയിരിക്കുന്ന X/284 എന്ന മുറിയുടെ 7/21 ലെ വാടക ഈടാക്കിയിട്ടില്ല (1482/-).
6. സി.ഡി.കുട്ടപ്പൻ, ചെല്ലിക്കുഴിയിൽ എന്നയാൾക്ക് നൽകിയിരിക്കുന്ന X/290 നം മുറിയുടെ വാടക കുടിശ്ശിക നിലനിൽക്കുന്നു. ( 3705/- )
7. കാർഷിക സ്വാശ്രയ വികസനസമിതിയ്ക്ക് നൽകിയ മുറിയുടെ ( XV/288) വാടകയുടെ പുതുക്കിയ കരാർ ഫയലിൽ സൂക്ഷിച്ചിട്ടില്ല (318/-).
8. കെ.ജെ.ജോൺ, വഴിപ്പറമ്പിൽ എന്നയാൾക്ക് നൽകിയിരിക്കുന്ന X/288 നം. മുറിയുടെ വാടക പുതുക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാടക രജിസ്റ്ററിൽ ടിയാളിൽ നിന്നും കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സർക്കാർ നിർദ്ദേശപ്രകാരം ഒഴി വാക്കിയിട്ടുള്ള കാലയളവിലെ വാടക കൂടി ഈടാക്കിയിട്ടുണ്ട് (815/-).
9. പോസ്റ്റോഫീസിന്റെ വാടക പുതുക്കിയിട്ടില്ല. 300/- നിരക്കിലുള്ള പഴയ വാടക തന്നെയാണ് തൻവർഷം ഈടാക്കിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.14/23.01.2023) ബിഎസ്എൻഎൽ ഓഫീസ് കെട്ടിടത്തിന്റെ വാടക പുതുക്കി കുടിശ്ശിക അടവാക്കുന്നതിന് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ലെന്നും, കെ ജെ ജോണിന് ലോക്ഡൌൺ വാടക ഇളവ് അനുവദിച്ച കാലയളവിലെ വാടക ഒടുക്കിയത് അഡ്വാൻസ് ഇനത്തിൽ അക്കൌണ്ടിംഗ് നടത്തിയിട്ടുണ്ടെന്നും, മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്നും മറുപടി നൽകി. എത്രയും വേഗം തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-16 ഇ-ടെണ്ടർ ഫീസ് പൂർണ്ണമായും ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2020-21 ൽ അസിസ്റ്റന്റ് എൻജിനീയർ ഇ-ടെണ്ടർ നടത്തിയ 26 CMLRRP പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 47106/രൂപയും, 26 വാർഷികപദ്ധതി പ്രോജക്ടുകളുടെ ടെണ്ടർ ഫീസ് 50000/- രൂപയുമുൾപ്പെടെ ആകെ 97106/- രൂപയും, 2021-22ൽ ഇ-ടെണ്ടർ നടത്തിയ 2 CMLRRP പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 5050/- രൂപയും, 8 വാർഷികപദ്ധതി പ്രോജക്ടുകളുടെ ടെണ്ടർ ഫീസ് 17220/- രൂപയുമുൾപ്പെടെ ആകെ 119376/- രൂപ എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.ഐ.ഡി & ഇ.ഡബ്ല്യു കോട്ടയത്തിന്റെ അക്കൗണ്ടിൽ ആണ് നിക്ഷേപിക്കപ്പെട്ടിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന് അവകാശപ്പെട്ട പ്രസ്തുത തുക പഞ്ചായത്തിന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ - 4116/- രൂപയുടെ മരുന്ന് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് | 196/22 |
| ചെലവ് | 200000 |
| ഫണ്ടിനം | സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| ബിൽ നം. | ബിൽ നമ്പർ 02/26.03.22 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ( ആയുർവേദം) |

ആയുർവേദാശുപത്രിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ ബിൽ പ്രകാരം 200000/- രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്. 195884/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് വിവിധ തീയതികളിലായി നാളിതുവരെ ലഭിച്ചത്. 4116/- രൂപയുടെ മരുന്ന് കൂടി ലഭിക്കുവാൻ അവശേഷിക്കുന്നതായി ഫയലുകൾ പരിശോധിച്ചതിൽ നിന്ന് ബോധ്യമാകുന്നു . മരുന്നുകൾ ലഭ്യമാകുന്നതു വരെ 4116/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ലഭ്യത വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-18 ലാപ്ടോപ് , പ്രിന്റർ വാങ്ങൽ പദ്ധതി - ഐ.ടി. മിഷന് തുക നൽകിയിട്ടും ലാപ്ടോപ് ലഭ്യമായിട്ടില്ല.

കൃഷി ഓഫീസർ നടപ്പിലാക്കിയ കൃഷി ഓഫീസിലേയ്ക്ക് ലാപ്ടോപ്, പ്രിന്റർ വാങ്ങൽ എന്ന പദ്ധതി പ്രകാരം ഐ.ടി മിഷന് 59038 രൂപ നൽകിയിരുന്നുവെങ്കിലും നാളിതുവരെയായിട്ടും ലാപ്ടോപ് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0169/22 |
| പ്രോജക്ട് | കഞ്ഞ കൃഷി ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ |
| അടങ്കൽ | 60612 |
| ചെലവ് | 59038/ ബിൽ നമ്പർ-01/21-22/30.11.21 |

ടി പ്രോജക്ടിലുൾപ്പെടുത്തി ലാപ്ടോപ്, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി കേരള സംസ്ഥാന ഐ.ടി മിഷന് 59038 രൂപ നൽകിയിട്ടുണ്ട്. ലാപ്ടോപ് വാങ്ങുന്നതിനായി 39020 രൂപയും പ്രിന്റർ വാങ്ങുന്നതിനായി 20018 രൂപയുമാണ് നൽകിയിട്ടുള്ളത്. (പ്രോഫോർമ ഇൻവോയ്സ് നമ്പർ -TVM/ITBG /PI/RC/3150/20-21/20/10/21- ലാപ്ടോപ്, TVM/ITBG/PI/RC/3151/20-21/20/10/21-പ്രിന്റർ) 17.08.2021 ൽ പ്രിന്റർ ലഭിച്ചിട്ടുള്ളതും ആയത് സ്റ്റോക്കിലെടുത്തിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ ലാപ്ടോപ് ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/18.01.23) ലാപ്ടോപ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഐ.ടി മിഷന് കത്ത് നൽകിയിട്ടുണ്ടെന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. അടിയന്തിരമായി ലാപ്ടോപ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം ഐ.ടി മിഷന് നൽകിയ തുക തിരികെ ലഭിക്കുന്നതിനുള്ള സത്വര നടപടിയോ സ്വീകരിക്കേണ്ടതാണ്. ലാപ്ടോപ് വാങ്ങുന്നതിനായി ടി പ്രോജക്ട് പ്രകാരം ചെലവഴിച്ച 39020 രൂപ തടസ്സപ്പെടുത്തുന്നു.

1-19 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 039/22 |
| അടങ്കൽ | 375000 (വികസന ഫണ്ട്) |

| | |
|---|---|
| | 375000 (മറ്റുള്ളവ) |
| ചെലവ് | 375000 |
| ബിൽ നമ്പർ | 14/221-22/28.01.22 |

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പ്രോജക്ടിൽ 4 മുതൽ 6 മാസം വരെ പ്രായമായ കിടാരികൾക്ക് ഒന്നര വയസ്സുവരെ ആവശ്യമായ കാലിത്തീറ്റ സബ്സിഡി നിരക്കിൽ നല്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പ്രോജക്ട്. 2021-22 വർഷം നടപ്പാക്കിയ കന്നുകുട്ടി പരിപാലനം (പ്രോജക്ട് നം. 39/2022) എന്ന പ്രോജക്ടിന്റെ ഭാഗമായി വികസനഫണ്ട് 375000/- രൂപ ബിൽ നം.14/2021-22/ 28.01.2022 പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന് നൽകിയിട്ടുണ്ട്. ടി തുകയിൽ 201042 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 173958 രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ടി സാഹചര്യത്തിൽ 173958 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 ഗവ.എൽ.പി സ്കൂളിൽ സ്മാർട്ട്ക്ലാസ്സ് റൂം സജ്ജീകരണത്തിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ് മിസ്ട്രസ്സ് ഗവ.എൽ.പി.സ്കൂൾ

പ്രോജക്ട് നം.S0197/22

വകയിരുത്തിയ തുക

മെയിന്റനൻസ് ഫണ്ട് (നോൺറോഡ്)-200000രൂപ

ചെലവഴിച്ചതുക-150020/-രൂപ (ബിൽ നം.2/21-22 150020 തീയതി 25.3.22

കഞ്ഞഴ ഗവ.എൽ.പി.സ്കൂളിൽ സ്മാർട്ട് ക്ലാസ്സ്റൂം സജ്ജീകരണത്തിനായി കേരള സ്റ്റേറ്റ് ഐ.ടി.മിഷന് 5ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ ഇൻസ്റ്റാൾ ചെയ്യുന്നതിനായി പ്രൊഫോർമ ഇൻവോയ്സിന്റെ (36604/18.3.22) അടിസ്ഥാനത്തിൽ 150020/- രൂപ നൽകിയിട്ടുണ്ട്. നാളിതുവരെ ഡെസ്ക്ടോപ്പുകൾ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/23.1.23) മറുപടിയായി കമ്പ്യൂട്ടറുകളുടെ വിലയിൽ വർദ്ധനവ് ഉണ്ടായതിനാലാണ് ലഭിക്കാതെ വന്നതെന്നും, ഈ തുക തിരികെ ഈടാക്കി പുതുക്കിയ പദ്ധതിയിലുൾപ്പെടുത്തി കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. 150020/- രൂപയുടെ കമ്പ്യൂട്ടറുകൾ ലഭ്യമാകുന്നതുവരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 എസ്.എസ്.എ പ്രവർത്തനങ്ങൾക്കായി വിഹിതം നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല

പ്രോജക്ട് നം.S030/22

അടങ്കൽ

വികസനഫണ്ട്(ജനറൽ)-200,000

ചെലവഴിച്ച തുക-200,000(ബിൽ നം.1/21-22,dt 14.9.21)

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഗ്രാമപഞ്ചായത്തിലെ എസ്.എസ്.എ പ്രവർത്തനങ്ങൾക്കായി രണ്ട് ലക്ഷം രൂപ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്രശിക്ഷ കേരളയുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ചെലവഴിച്ച 200,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 പകൽവീട് പ്രവർത്തനക്ഷമമല്ല

പ്രോജക്ട് നം.S0 114/22
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് പകൽവീടിന് ടോയ്ലറ്റ് നിർമ്മാണം

അടങ്കൽ -100,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവഴിച്ച തുക-96955(ബിൽ നം.23/22,dt 30.12.21)

2019-20ൽ വാർഷിക പദ്ധതിയിൽപെടുത്തി പകൽവീടിന് ടോയ് ലറ്റ് നിർമ്മാണത്തിന് 100,000രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. 2021-22 ൽ പ്രവൃത്തി പൂർത്തീകരിച്ച് 96955/-രൂപയുടെ ബിൽ മാറിയിട്ടുണ്ട്.

23.1.23ൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ പകൽവീട്ടിൽ വാട്ടർ കണക്ഷൻ ലഭ്യമായിട്ടില്ലെന്നും, പകൽ വീട്ടിൽ വൃദ്ധജനങ്ങൾക്ക് ഉപയോഗിക്കാൻ ഉതകുന്ന രീതിയിലുള്ള ഭൗതിക സാഹചര്യങ്ങൾ ഒന്നും ഒരുക്കിയിട്ടില്ലെന്നും വ്യക്തമായി. പകൽ വീട്ടിലേയ്ക്ക് വാട്ടർ കണക്ഷനും, മറ്റ് ഭൗതിക സാഹചര്യങ്ങളും ഒരുക്കി പകൽവീട് പ്രവർത്തനക്ഷമമാക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

1-23 തുക അടച്ചുവെങ്കിലും കമ്പ്യൂട്ടർ ലഭ്യമായില്ല-

| അടങ്കൽ | ചെലവ് |
|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)-72524- | 39797 -Tr 14/21-22 /31-03-22 |

ഐസിഡിഎസ് സൂപ്പർവൈസർ നടപ്പാക്കിയ ഐസിഡിഎസ് സൂപ്പർവൈസറുടെ കാര്യാലയത്തിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ പദ്ധതി (പ്രോ.നം.147/22) പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)ൽ നിന്നും 39797/- രൂപ കെൽട്രോണിന്റെ പ്രൊഫോമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ അടച്ചിട്ടുണ്ട്. കാഷ് ഇൻവോയ്സും, കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.7/19.01.23) തുക അടച്ചുവെങ്കിലും വർക്ക് ഓർഡർ നൽകാൻ സാധിച്ചില്ലയെന്നും നിലവിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് കെൽട്രോൺ വില കൂട്ടിയതിനാൽ കൂടുതൽ തുക അടയ്ക്കേണ്ടി വരുമെന്നും ആയതിനാൽ അടച്ചതുക റീഫണ്ട് ചെയ്തു കിട്ടുന്നതിനോ കൂടുതൽ തുക അടച്ച് കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനോ പഞ്ചായത്ത് ഭരണസമിതിയുടെ നിർദ്ദേശമനുസരിച്ച് തുടർനടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. തുക റീഫണ്ട് ചെയ്തു കിട്ടുകയാണെങ്കിൽ ആയത് കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്. തുടർനടപടികൾ പൂർത്തിയാക്കി വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ 39797/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 കമ്പ്യൂട്ടർ വാങ്ങൽ - യുപിഎസ് ഇല്ലാത്തതിനാൽ പ്രവർത്തനക്ഷമമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ ഹോമിയോ ആശുപത്രിയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ പ്രോജക്ട് (പ്രോ.നം 46/22) പ്രകാരം മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം- ൽ നിന്ന് 39797-( Bill No.11/22/06-08-21) ചെലവഴിച്ച് കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ വാങ്ങി സ്റ്റോക്കിൽ ചേർത്ത് ഹോമിയോ ആശുപത്രിയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ യുപിഎസ് ഇല്ലാത്തതിനാൽ കമ്പ്യൂട്ടർ ഇപ്പോഴും ഉപയോഗിയ്ക്കാനാകാത്ത സ്ഥിതിയിലാണ്. ആയത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.2/18.01.2023) യു.പി.എസ്. വാങ്ങി നൽകുന്നതാണെന്ന് മറുപടി നൽകി. കമ്പ്യൂട്ടർ പ്രവർത്തനക്ഷമമാക്കുന്നതു വരെ 39797/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 അഗതിരഹിതകേരളം പദ്ധതി - തുക പൂർണമായി ചെലവഴിച്ചില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ അഗതിരഹിതകേരളം പദ്ധതിയ്ക്കായി (പ്രോജക്ട് നം.4/22) വികസനഫണ്ടിൽ നിന്നും 400000/- രൂപ (ബിൽ നം.12/21-22/06-08-21) കുടുംബശ്രീ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. ഓഡിറ്റ് തീയതി വരെ വീട് മെയിന്റനൻസിനായി രണ്ടു ഗുണഭോക്താക്കൾക്കായി 100000/- വീതം ആകെ 200000/- മാത്രമാണ് ചെലവ്. മുഴുവൻ തുകയും ചെലവഴിയ്ക്കുന്നതുവരെ ബാങ്ക് അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന 200000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. വീട് മെയിന്റനൻസിനായി തെരഞ്ഞെടുത്ത 4 ഗുണഭോക്താവിൽ 2 പേർക്ക് മാത്രമേ തൻവർഷം ധനസഹായം നൽകിയിട്ടുള്ളത്. പ്ലാൻഫണ്ട്, ദീർഘനാൾ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. അഗതികൾക്കായി പ്ലാൻ ഫണ്ട് വിഹിതം ലഭിക്കുമ്പോൾ അതാതുവർഷം തന്നെ തുക ചെലവഴിക്കാൻ പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

## 1-26 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി

കഞ്ഞഴ പഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റിയതായി പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്ന് ബോധ്യമാകുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പെൻഷൻ ഐ.ഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | അമ്മിണി തങ്കപ്പൻ | 105630200991 | 51100 |
| 2 | ഏലിയാമ്മ പൗലോസ് | 105630600615 | 44600 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം - 03/18.01.23 ) മേൽ ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തുക തിരികെ ഒടുക്കണം എന്നത് സംബന്ധിച്ച് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി .

ബഹു. സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ, 8-2-2021ലെ 14/21/ധന സർക്കുലറുകൾ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക നിലവിലും കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നും അവർ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കേണ്ടതാണ് .

## 1-27 തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്ക് അനുവദിക്കുന്നു

പൊതു/വ്യക്തിഗത ആസ്തി നിർമ്മാണ പ്രവർത്തികൾക്ക് സെക്യൂർ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ പോർട്ട് ലാന്റ് സിമന്റിന് ഒരു ടണ്ണിന് 11600/- രൂപയാണ് (50 കിലോഗ്രാമിന്റെ ഒരു ചാക്കിന് 580രൂപ) അനുവദിച്ചു നൽകിയിട്ടുള്ളത്. സിമന്റ് വില ഏറ്റവും കൂടുതൽ വന്നപ്പോഴും, പരമാവധി മാർക്കറ്റ് വില ഒരു ചാക്കിന് 400-425/- രൂപ മാത്രമായിരുന്നു. 2021-22 വർഷം എത്ര പ്രവൃത്തികൾക്ക് സിമന്റിന് മാർക്കറ്റ് റേറ്റിനേക്കാൾ അധികം തുക നൽകി / നൽകാനുണ്ട് എന്നും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/20.01.23 ) 6 പ്രവൃത്തികൾക്ക് ഇപ്രകാരം തുക നല്കി എന്ന് മറുപടി നല്കി. തൻവർഷം നടപ്പാക്കിയ മറ്റു പ്രവൃത്തികളുടെ തുക നല്കിയിട്ടില്ല എന്നും അറിയിച്ചു. ഇപ്രകാരം സിമന്റിന് ഉയർന്ന നിരക്കിൽ വില അനുവദിച്ച് നൽകിയത് മൂലം അധിക ചെലവുണ്ടായ പ്രവൃത്തികളുടെ

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ വർക്ക് കോഡ് | ഉപയോഗിച്ച സിമന്റിന്റെ അളവ് | ഒരു ചാക്കിന് 580 രൂപ നിരക്കിൽ നൽകിയ തുക | ഒരു ചാക്കിന് 450 രൂപ നിരക്കിൽ നൽകിയാൽ പോലും അനുവദനീയമായ തുക | അധികം നൽകിയത് | FTO ചെയ്ത തീയതി | കരാറുകാരൻ |
|---|---|---|---|---|---|---|---|
| 1. | കൊറ്റൻചിറ സിഎസ്ഐ പടി റോഡ് കോൺക്രീറ്റിംഗ് -RC/336491 | 380ചാക്ക് | 220400 | 171000 | 49400 | 25/07/22 | ജെയിമോൻ ജെയിംസ് |
| 2 | മാപ്പിളകുന്ന് മനയ്ക്കൽ പുരയിടം റോഡ് കോൺക്രീറ്റിംഗ് -RC/353745 | 372ചാക്ക് | 215760 | 167400 | 48360 | 25/07/22 | |
| 3 | പയ്യംമ്പള്ളി പൊട്ടങ്കൽ റോഡ് കോൺക്രീറ്റിംഗ് -RC/353744 | 378 ചാക്ക് | 219240 | 170100 | 49140 | 03/08/22 | |
| 4 | കാവിൽകുളം ഒറ്റപ്ലാക്കൽ റോഡ് കോൺക്രീറ്റിംഗ് -RC/353699 | 288ചാക്ക് | 167040 | 129600 | 37440 | 27/07/22 | |
| 5 | പുതുവാക്കുന്ന് കിചേരിപ്പടി നടപ്പാത കോൺക്രീറ്റിംഗ് -RC/353871 | 377ചാക്ക് | 218660 | 169650 | 49010 | 03/08/22 | |
| 6 | പുളിഞ്ചുവടിപ്പടി പുന്നശ്ശേരിപ്പടി റോഡ് കോൺക്രീറ്റിംഗ് -RC/355986 | 375ചാക്ക് | 217500 | 168750 | 48750 | 03/08/22 | |
| ആകെ | | | | | 282100 | | |

2022-23 കാലയളവിൽ അനേകം പ്രവൃത്തികൾക്ക് ഇത്തരത്തിൽ തുക അധികം നൽകിയിട്ടുണ്ട്. നിലവിൽ സെക്യൂർ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ പോർട്ട് ലാന്റ്

സിമന്റിന് ഒരു ടണ്ണിന് 12288/- രൂപയാണ് (50 കിലോഗ്രാമിന്റെ ഒരു ചാക്കിന് 614.40 രൂപ) അനുവദിച്ച് നൽകിയിട്ടുള്ളത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിൽ പരാമർശിക്കും പ്രകാരം ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ 08-07-22 ലെ OMB/ALP/AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു /വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ച മാത്രമേ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളൂവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇനി തുക അനുവദിക്കുവാനുള്ള പ്രവൃത്തികളിലും തുടർന്ന് ഏറ്റെടുക്കുന്ന പ്രവർത്തികളിലും മേൽ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സിമന്റിന്റെ വില അനുവദിയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിയില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം. 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടയ്ക്കേണ്ടതുണ്ട്. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേയ്മെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം, | മെറ്റീരിയൽസിന് നൽകിയ തുക | ഈടാക്കേണ്ട GST (2%) | ഈടാക്കേണ്ട ആദായനികുതി (1%) | കരാറുകാരൻ |
|---|---|---|---|---|---|
| 1 | കൊറ്റൻചിറ സിഎസ്ഐ പടി റോഡ് കോൺക്രീറ്റിംഗ് | 370970 | 7420 | 3710 | ജെയിമോൻ ജെയിംസ് |
| 2 | മാപ്പിളകുന്ന് മനയ്ക്കൽ പുരയിടം റോഡ് കോൺക്രീറ്റിംഗ് | 358901 | 7178 | 3589 | |
| 3 | പയ്യംമ്പള്ളി പൊട്ടങ്കൽ റോഡ് കോൺക്രീറ്റിംഗ് | 365134 | 7302 | 3651 | |
| 4 | പുളിഞ്ചുവടിപ്പടി പുന്നശ്ശേരിപ്പടി റോഡ് കോൺക്രീറ്റിംഗ് | 277842 | 5556 | 2778 | |
| 5 | പുതുവാക്കുന്ന് കിചേരിപ്പടി | 364202 | 7284 | 3642 | |

| | | | | | |
|---|---|---|---|---|---|
| | നടപ്പാത കോൺക്രീറ്റിംഗ് | | | | |
| 6 | കാവിൽകുളം ഒറ്റപ്ലാക്കൽ റോഡ് കോൺക്രീറ്റിംഗ് | 362534 | 7250 | 3625 | |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/20-01-2023) മേൽ സൂചിപ്പിച്ച കരാറുകാരൻ ജി.എസ്.റ്റി. തുക സ്വയം ഒടുക്കുന്നതിനാൽ ഉത്ഭവത്തിൽ കുറവ് ചെയ്യുന്നത് ഒഴിവാക്കണം എന്ന് നൽകിയ മറുപടി അംഗീകരിക്കുന്നതല്ല. ഈടാക്കേണ്ട ആദായനികുതി സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല .

30.07.2019 ലെ സർക്കുലർ നം 957/ഇ ജി എസ് സി /16/ആർ ഇ ജി എസ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്.30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൌകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടക്കണമെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അങ്ങനെഅടക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ സൂചിപ്പിച്ച കരാറുകാരനിൽ നിന്ന് ജി.എസ്.റ്റി. തുക ഈടാക്കി സർക്കുലർ പ്രകാരം തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ളത് 30000/- രൂപയ്ക്കു മേലുള്ള കരാർ പ്രവൃത്തികൾക്ക് 1% ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്യണമെന്നാണ്. മെറ്റീരിയൽ സപ്ലൈ എന്നത് ഒരു കരാർ പ്രവർത്തിയാണ്. ആയതിനാൽ പ്രസ്തുത സെക്ഷൻ പ്രകാരം ഒറ്റ തവണ ഒരു കോൺട്രാക്ടർക്ക് 30000/- രൂപയിൽ അധികം നല്കുമ്പോഴോ ഒരു സാമ്പത്തിക വർഷം നല്കുന്ന ആകെ തുക 1,00,000/- രൂപ കവിയുമ്പോഴോ ടിയാളിൽ നിന്നും 1% ആദായ നികുതി ഈടാക്കേണ്ടതാണ്. ആയതിനാൽ കർശനമായും ഇനിയുള്ള പ്രവർത്തികളിൽ നിന്നും 1% ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കേണ്ടതാണ് .

1-29 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ചട്ടങ്ങൾ ചട്ടം(3) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. 2003ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊള്ളേണ്ടതാണ്.

1-30 നിക്ഷേപ പ്രവൃത്തികൾ- വിനിയോഗവിവരം ലഭ്യമായിട്ടില്ല-

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രവൃത്തികൾക്കായി വിവിധ

സർക്കാർ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി, തിരുവല്ല | 144/22 വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 258/11-03-22<br>294/25-03-22 | 1198500-<br>528000- | 0 | 1726500- |
| “ | 145/22പൈപ്പ് ലൈൻ എക്സ്റ്റൻഷൻ അധികവിഹിതം നൽകൽ | 243/28-02-22 | 2099915- | 0 | 2099915- |
| ഭൂജലവകുപ്പ്, കോട്ടയം | 15/22 സെന്റർ നം 36- കാരുവേലി അംഗനവാടിയ്ക്ക് കുഴൽക്കിണർ നിർമ്മാണം | 193/03-02/22 | 50000- | 0 | 50000- |
| | ആകെ | | 3876415- | | 3876415- |

മേൽ പദ്ധതികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 3876415- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-31 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത്- വിനിയോഗസാക്ഷ്യപത്രമില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ചുവടെ കൊടുത്തിരിയ്ക്കുന്ന പദ്ധതികൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് മുൻകൂറായി തുക കൈമാറിയിട്ടുണ്ട്.

| തുക കൈമാറിയ സ്ഥാപനം | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|
| വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | 175/22പിഎംഎവൈ വിഹിതം | 151/01-01-22 | 140000- |
| വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | 92/22-ഷ്രെഡ്ഡിംഗ് യൂണിറ്റ്- വിഹിതം കൈമാറൽ | 119/16-12-21 | 200000- |
| ജില്ലാപ്ലാനിംഗ് ഓഫീസ് | 08/22 ഡിപിസി സെക്രട്ടേറിയറ്റ് നിർമ്മാണം- വിഹിതം | 9/15-06-21 | 500000- |
| | ആകെ | | 840000- |

പദ്ധതികൾ പൂർത്തിയാക്കി വിനിയോഗവിവരം ലഭ്യമാക്കുന്നതുവരെ 840000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാൻ ശേഷിയ്ക്കുന്നു.

വിഇഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ ലൈഫ് ഭവനനിർമ്മാണ പദ്ധതികളിൽ ചുവടെ കൊടുത്തിരിയ്ക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാൻ ശേഷിയ്ക്കുന്നു.

| പ്രോജക്ട് നം, പേര് | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|
| 33/22 ലൈഫ്-ജനറൽ | ലീലാമ്മ ഗോപാലകൃഷ്ണൻ, കിടാരക്കുഴിയിൽ | 350000- |
| “ | അരുൺ പ്രകാശ് ജോസഫ്, അരുൺവിലാസ്, ഇടയിരിയ്ക്കപ്പുഴ | 200000- |
| 31/22-ലൈഫ് -എസ് സി | പ്രിയ ജയകുമാർ, കൊച്ചുപറമ്പിൽ | 300000- |
| “ | സദൃഷാമോൾ പി.എസ്, കരിമ്പനാക്കുഴി | 350000- |
| “ | സുനിതാസുകുമാരൻ, പുളിയ്ക്കാമല | 375000- |
| 165/22 ലൈഫ്-എസ് ടി | സുജിത് മോൻ എസ്, വട്ടുകളത്തിൽ, അയ്മനം (അയ്മനം പഞ്ചായത്തിൽ നിന്നും ട്രാൻസ്ഫർ ചെയ്യുകിട്ടിയ ഗുണഭോക്താവ്) | 232000- |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ച് ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 26/07/2022-ലെ 2/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും 27/07/2022 ലെ സെക്രട്ടറിയുടെ കത്ത് മുഖേനയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 19/01/2023 തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട്

കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2021-22 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ | 2021-22 | 28000 | ലൈഫ് ഭവന നിർമ്മാണം പട്ടികവർഗ്ഗ വിഭാഗം (165/22) | 28000 | 0 |
| | | 520000 | ലൈഫ് ഭവന പദ്ധതി ജനറൽ(33/22) | 520000 | 0 |
| | | 117340 | അങ്കണവാടി പോഷകാഹാരം(18/22) | 117340 | 0 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത (16/22) | 100000 | 0 |
| | | 730000 | ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം(31/22) | 730000 | 0 |
| | | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (47/22) | 200000 | 0 |
| ആകെ | | 1695340 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1695340 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | കിഴങ്ങു വർഗ്ഗ കൃഷി (107/22) | 100000 | 0 |
| | | 384750 | കിണർ റീചാർജിങ്ങ് (106/22) | 384750 | 0 |
| | | 110000 | ലൈഫ് ഭവന നിർമ്മാണം പട്ടികവർഗ്ഗ വിഭാഗം (165/22) | 110000 | 0 |
| | | 500000 | ലൈഫ് ഭവന പദ്ധതി | 500000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ജനറൽ(33/22) | | |
| | | 250000 | അങ്കണവാടി പോഷകാഹാരം(18/22) | 250000 | 0 |
| | | 135000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത (16/22) | 135000 | 0 |
| | | 120266 | ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം(31/22) | 120266 | 0 |
| | | 500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (47/22) | 500000 | 0 |
| ആകെ | | 2100016 | ജില്ലാ പഞ്ചായത്ത് വിഹിതം | 2100016 | 0 |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് സെക്രട്ടറി നടപ്പാക്കിയ 3 പ്രോജക്ടുകൾ പ്രകാരം ഭൂജല വകുപ്പ് കോട്ടയം, വാട്ടർ അതോറിറ്റി എന്നിവയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം പ്രോജക്ട് തിരിച്ച് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (144/22) | 1726500 | 0 | 1726500 |
| വാട്ടർ അതോറിറ്റി | ഗ്രാമ പഞ്ചായത്തിലെ വിവിധ | 2099915 | 0 | 2099915 |

| | | | | |
|---|---|---|---|---|
| | വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- അധിക വിഹിതം (145/22) | | | |
| ഭൂജല വകുപ്പ് കോട്ടയം | വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (15/22) | 50000 | 0 | 50000 |

വാട്ടർ അതോറിറ്റിയിൽ 2107500 രൂപയുടെ നിക്ഷേപം നടത്തിയതായാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് .

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

2021-22 ൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത ലോൺ തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക മുതൽ | തൻവർഷം തിരിച്ചടച്ച തുക പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | 4790226 | 0 | 4790226 | 924000 | 0 | 3866226 |

വികസന ഫണ്ട്-ജനറൽ, എസ്.സി.പി എന്നീ ഫണ്ടുകളുടെ അലോട്ട്മെന്റിൽ നിന്ന് 924000 രൂപ സ്രോതസ്സിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്.

## 4-6 സ്ഥിര നിക്ഷേപം

കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 1932/- രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം.& തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2019-20 | 1-28 | 1932 | ശ്രീനി ജി. , അസിസ്റ്റന്റ് എഞ്ചിനീയർ | 1210100236/27.05.21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം

കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-5 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തികൾ- നടപടി ക്രമങ്ങളിലെ വീഴ്ചകൾ | കാലിക സ്ഥിതി വിവരം ലഭ്യമല്ല |
| 2014-15 | 2-4 | 2016-17 | 1 Appendix 3 | വസ്തു നികുതി | നിയമസഭാ സമതിയുടെ പരിഗണനയിൽ |
| | 2-2, 2-3-2 | 2016-17 | 2 Appendix 4 | തൊഴിൽ നികുതി | |
| 2015-16 | 2-4-1, 2-4-2 | 2016-17 | Appendix 5 | തൊഴിൽ നികുതി | ,, |
| 2019-20 | 1-23 | 2020-21 Part-I | അധ്യായം-1.3 ഖ. 1(8) | കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

## 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 79722940 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64888106 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5563123 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 4116 | ഡോ. സൗമ്യ റ്റി. എ. , മെഡിക്കൽ ഓഫീസർ ( ആയുർവേദം) |
| 1-18 | 39020 | ശ്രീമതി.ശിൽപ വർക്കി , കൃഷി ഓഫീസർ |
| 1-19 | 173958 | ഡോ. ആതിര ജോർജ് , വെറ്ററിനറി സർജൻ |
| 1-20 | 150020 | ശ്രീമതി മറീന എബ്രഹാം ,ഹെഡ് മിസ്ട്രസ്സ് |
| 1-21 | 200000 | ശ്രീമതി മറീന എബ്രഹാം , ഹെഡ് മിസ്ട്രസ്സ് |
| 1-23 | 39797 | ശ്രീമതി ചിന്ദു റ്റി. കുട്ടപ്പൻ, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-24 | 39797 | ശ്രീ മുഹമ്മദ് റഹീബ് റ്റി എസ് , സെക്രട്ടറി |
| 1-25 | 200000 | ശ്രീ മുഹമ്മദ് റഹീബ് റ്റി.എസ്., സെക്രട്ടറി |
| 1-30 | 3876415 | ശ്രീ മുഹമ്മദ് റഹീബ് റ്റി എസ് , സെക്രട്ടറി |
| 1-31 | 340000 | ശ്രീ മുഹമ്മദ് റഹീബ് റ്റി എസ് , സെക്രട്ടറി |
| | 500000 | ശ്രീമതി ഗ്രീസ പി. എ. , സെക്രട്ടറി |
| ആകെ | 5563123 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/12/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1887(3)/22, 27.08.2022 | 2 |
| 2003-04 ചെലവ് | എൽ.എഫ്.കെ.പി11/1190/06/23.03.2007 /07.09.2007 | - |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)188(8)/2018/01.02.2018 | 1 |

| | | |
|---|---|---|
| 2005-06 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1887(4)/22, 27.08.2022 | 3 |
| 2006-07 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1307(1)/22, 27.08.2022 | 6 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)188(11)/2018/21.02.2018 | 5 |
| 2008-09 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1887(5)/22, 27.08.2022 | 2 |
| 2009-10 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1664(1)/22, 27.08.2022 | 2 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി5/2081/22 – 10.10.2022 | 4 |
| 2011-12 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1664(3)/22, 27.08.2022 | 8 |
| 2012-13 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1887(1)/22, 27.08.2022 | 13 |
| 2013-14 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1307(2)/22, 27.08.2022 | 9 |
| 2014-15 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1307(3)/22, 27.08.2022 | 11 |
| 2015-16 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1307(4)/22, 27.08.2022 | 12 |
| 2016-17 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1307(5)/22, 27.08.2022 | 9 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/1307(6)/22 /12.9.2022 | 9 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/1307(7)/22 /14.9.2022 | 8 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി5/1307(8)/22 /13.9.2022 | 5 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി5/2080/22 /27.10.2022 | 14 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്